'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് - കേരളോത്സവം 2017 ൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമായ തുകയ്ക്ക് പുറമേ അധികമായി ചെലവു വന്ന തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

**സ.ഉ.(സാധാ) നം.1007/2019/ത.സ്വ.ഭ.വ**

തീയതി,തിരുവനന്തപുരം, 19/05/2019

---

പരാമർശം:- 1 മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 27.11.2017 -ലെ 6(c) നമ്പർ തീരുമാനം.

2 ഗ്രാമവികസന കമ്മീഷണറുടെ 30.04.2018 -ലെ 1218/ഡി.പി.3/18/സി.ആർ.ഡി നമ്പർ കത്ത്

3 മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 28.03.2019-ലെ 78/2019 നമ്പർ കത്ത്.

## ഉത്തരവ്

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന് 2017 വർഷത്തെ കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് 2,13,527/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 1,00,000/- രൂപയും യുവജനക്ഷേമ ബോർഡിൽ നിന്നും 30,000/- രൂപയും ചേർത്ത് ആകെ 1,30,000/- രൂപ കേരളോത്സവം നടത്തിപ്പിനായി ലഭ്യമായിരുന്നു. ബാക്കി തുകയായ 83,527/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഭരണസമിതി ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം കേരളോത്സവം 2017 സംബന്ധിച്ച റിപ്പോർട്ടും പരാമർശം (1) ഭരണ സമിതി തീരുമാനവും മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ മുഖേന പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവായ 83,527/- രൂപ നാളിതു വരെ ക്രമീകരിച്ചിട്ടില്ലെന്ന് പരാമർശം (3) പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന് 2017-ലെ കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമായ തുകയ്ക്ക് പുറമേ അധികമായി ചെലവു വന്ന 83,527/- രൂപ ബ്ലോക്ക് പഞ്ചയത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച് കേരളോത്സവം 2017-ൻറെ വരവ് ചെലവ് കണക്കുകൾ ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.05.20 12:28:00 IST
Reason: Approved
സെക്ഷൻ ഓഫീസർ